Malappuram District Police

## 01/11/2017 കരുവാരക്കുണ്ട്

വാട്സ് ആപ്പിലൂടെ കെണിയൊരുക്കി യുവതിയെയും മൂന്നു കുട്ടികളെയും വശീകരിച്ച് കൊണ്ടുപോയ യുവാവ് പോലീസ് പിടിയിൽ. കാസർഗോട് തുരുത്തി ചെറുവത്തൂര് കോട്ടക്കാല് മൂലയിൽ മുത്തലിബ് (34) നെയാണ് കരുവാരക്കുണ്ട് പോലീസ് പിടികൂടിയത്.

ഭർത്താവ് വിദേശത്തുള്ള യുവതിയാണ് മൂന്നു കുട്ടികളോടൊപ്പം യുവാവിന്റെ കെണിയില് വീണത്. വാട്സ് ആപ്പിലൂടെ സ്ത്രീകളുമായി പരിചയം സ്ഥാപിക്കുകയാണ് യുവാവിന്റെ രീതി. തുടർന്ന് സംഭാഷണം മൊബൈല്ഫോണിൽ റെക്കോഡ് ചെയ്യുകയും സ്ത്രീകളെ ബ്ലാക്ക് മെയിൽ ചെയ്ത് വശീകരിക്കുകയും ചെയ്യും.

ഒരാഴ്ച മുമ്പാണ് യുവതിയും മൂന്നു കുട്ടികളും യുവാവിന്റെ കൂടെ പോയത്. യുവതിയുടെ ബന്ധുക്കൾ നല്കിയ പരാതിയുടെ അടിസ്ഥാനത്തിൽ കരുവാരക്കുണ്ട് എസ്.ഐ. പി. ജ്യോതീന്ദ്രകുമാറിന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘം നടത്തിയ അന്വേഷണത്തിൽ കൊച്ചിയിലെ ലോഡ്ജിൽ വെച്ച് മുത്തലിബിനെയും യുവതിയേയും കണ്ടെത്തുകയായിരുന്നു.

മഞ്ചേരി കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാന്റ് ചെയ്തു.